**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2920** **25-06-2024 - ൽ മറുപടിയ്ക്ക്**

**ആവോലിച്ചാൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിക്ക് അനുമതി ലഭ്യമാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | കോതമംഗലം മണ്ഡലത്തിൽ വനം വകുപ്പിന്റെ അനുമതി ലഭിക്കാത്തതിനാൽ ആവോലിച്ചാൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി അനന്തമായി നീണ്ടുപോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | വനം വകുപ്പിന്റെ അനുമതി ലഭിക്കാത്തതിലാണ് പദ്ധതി നീണ്ടു പോകുന്നത് എന്നത് വസ്തുതയല്ല. |
| (ബി) | പ്രസ്തുത കാലതാമസം ഒഴിവാക്കാൻ അടിയന്തരമായി അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടി വകുപ്പ് സ്വീകരിക്കുമോ; വിശദമാക്കുമോ? | (ബി) | ആവോലിച്ചാൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിക്ക് വേണ്ടിയുള്ള പ്രൊപ്പോസൽ 23.01.2023 ന് യൂസർ ഏജൻസിയായ മൈനർ ഇറിഗേഷൻ ഡിവിഷൻ FP/KLP/Pipeline/415610/2023 നമ്പർ പ്രകാരം പരിവേഷ് പോർട്ടലിൽ സ്ഥാപിച്ചിരുന്നു. ആയതിൽ 16.02.2024 തീയതിയിൽ സ്റ്റേജ് - I അനുമതി ലഭ്യമായിട്ടുണ്ട്. ആയതിലെ നിബന്ധന പ്രകാരം കോമ്പൻസേറ്ററി ലെവീസ് അടയ്ക്കുന്നതിന് യൂസർ ഏജൻസിയോട് ആവശ്യപ്പെട്ടുകയും പ്രൊപ്പോസൽ ഇപ്പോൾ യൂസർ ഏജൻസി വശമാണുള്ളത്. കോമ്പൻസേറ്ററി ലെവീസ് ഒടുക്കുന്ന മുറയ്ക്ക് ടി പ്രൊപ്പോസലിൽ അന്തിമ അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ